2023
NOVEMBER
24
FRIDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഗവർണർക്ക് നിയമസഭയെ മറികടക്കാനാവില്ല; സുപ്രധാന വിധിയുമായി സുപ്രീംകോടതി

ന്യൂഡൽഹി: ഗവർണർക്ക് നിയമസഭയെ മറികടക്കാനാവില്ലെന്നും സംസ്ഥാനത്തിന്റെ നിയമനിർമാണം തടസപ്പെടുത്താൻ കഴിയില്ലെന്നും സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന്റേതാണ് സുപ്രധാന വിധി. നിയമസഭ വീണ്ടും ബിൽ പാസാക്കിയാൽ ഒപ്പിടാൻ ഗവർണർക്ക് ഉത്തരവാദിത്തമുണ്ടെന്നും കോടതി വ്യക്തമാക്കി. പഞ്ചാബ് ഗവർണർക്കെതിരെ സർക്കാർ നൽകിയ ഹർജിയിലുള്ള വിധിയിലാണ് സുപ്രീംകോടതി ഉത്തരവ്.

ഗവർണർ സംസ്ഥാനത്തിന്റെ പ്രതീകാത്മക തലവൻ മാത്രമാണെന്നും യഥാർഥ അധികാരം തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കാണെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. നിയമസഭ പാസാക്കി അംഗീകാരത്തിനായി അയച്ച ബില്ലിനോടു ഗവർണർക്കു വിയോജിപ്പുണ്ടെങ്കിൽ വീണ്ടും പരിഗണിക്കാനായി തിരിച്ചയയ്ക്കണം. ഗവർണർ ബിൽ ഒപ്പിട്ടില്ലെങ്കിൽ തുടർനടപടി എന്താണെന്നു ഭരണഘടനയുടെ 200ാം വകുപ്പ് വ്യക്തത നൽകാത്ത സാഹചര്യത്തിൽ സുപ്രീംകോടതി വിധി ഏറെ നിർണായകമാണ്.



ഈ വകുപ്പ് പ്രകാരം ബില്ലുകൾക്ക് അംഗീകാരം നൽകുക, നൽകാതിരിക്കുക, രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയയ്ക്കുക എന്നീ മൂന്ന് മാർഗങ്ങളാണ് ഗവർണറുടെ മുന്നിലുള്ളത്. ബില്ലിന് അംഗീകാരം നൽകുന്നില്ലെങ്കിൽ നിയമസഭ വീണ്ടും പരിഗണിക്കുന്നതിനായി തിരിച്ചയയ്ക്കണമെന്ന് സുപ്രീംകോടതി ഉത്തരവിൽ പറയുന്നു.

അങ്ങനെ സംഭവിച്ചില്ലെങ്കിൽ ബില്ലുകൾക്ക് അംഗീകാരം നൽകാതെ നിയമസഭാ നടപടികൾ അട്ടിമറിക്കാൻ ഗവർണർമാർക്കു കഴിയും. ഭരണഘടനയുടെ 200ാം വകുപ്പിലെ വ്യവസ്ഥകൾ കൃത്യമായി വ്യാഖ്യാനിക്കപ്പെട്ടില്ലെങ്കിൽ, തിരഞ്ഞെടുപ്പിലൂടെയല്ലാതെ സംസ്ഥാനത്തിന്റെ തലവനായ ഗവർണർക്ക് ജനവിധിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട നിയമസഭയുടെ പ്രവർത്തനത്തെ വീറ്റോ ചെയ്യാനുള്ള സാഹചര്യമുണ്ടാകും.

## മുഖ്യമന്ത്രിക്ക് ജയ് വിളിക്കാൻ പിഞ്ചുകുട്ടികൾ പൊരിവെയിലത്ത്; കേസെടുത്ത് ദേശീയ ബാലാവകാശ കമ്മിഷൻ



**തലശ്ശേരി:** നവകേരള സദസ്സിൽ പങ്കെടുക്കാനെത്തുന്ന മുഖ്യമന്ത്രി പിണറായി വിജയനെയും മന്ത്രിമാരെയും അഭിവാദ്യം ചെയ്യാൻ എൽ പി സ്കൂൾ വിദ്യാർഥികളെയടക്കം ഒരു മണിക്കൂറോളം പൊരിവെയിലത്തു നിർത്തിയ സംഭവത്തിൽ ദേശീയ ബാലാവകാശ കമ്മിഷൻ കേസെടുത്തു. അഞ്ച് ദിവസത്തിനകം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം. കുട്ടികളെ വെയിലത്തു നിർത്തിയതിനെതിരെ എംഎസ്എഫ്, സംസ്ഥാന ബാലാവകാശ കമ്മിഷനും എബിവിപി ദേശീയ ബാലാവകാശ കമ്മിഷനും പരാതി നൽകിയിരുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയില്ലാതെ വിദ്യാർഥികളെ പരിപാടികളിൽ പങ്കെടുപ്പിക്കരുതെന്ന കർശന നിർദേശം നിലനിൽക്കെ സ്കൂൾ വിദ്യാർഥികളെ റോഡിലിറക്കി നിർത്തിയത് വിവാദമായിരുന്നു. തലശ്ശേരിയിൽനിന്നു കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂരിലേക്കു പോകുന്ന മുഖ്യമന്ത്രിയെയും മന്ത്രിമാരെയും അഭിവാദ്യം ചെയ്യാനാണ് 32, 33 ഡിഗ്രി സെൽഷ്യസ് ചൂടിൽ കുട്ടികളെ ഇന്നലെ രാവിലെ 11 മുതൽ വഴിയരികിൽ നിരത്തിനിർത്തിയത്. മുഖ്യമന്ത്രി ഇതുവഴി പോയതാകട്ടെ പന്ത്രണ്ടോടെയും.

സ്പീക്കർ എ.എൻ.ഷംസീർ പ്രതിനിധാനം ചെയ്യുന്ന തലശ്ശേരി മണ്ഡലത്തിലെ ചമ്പാട് എൽപിഎസ്, ചോതാവൂർ ഹൈസ്കൂൾ, ചമ്പാട് വെസ്റ്റ് യുപിഎസ് എന്നിവിടങ്ങളിലെ വിദ്യാർഥികളെയാണ് റോഡിൽ ഇറക്കി നിർത്തിയത്. പുഷ്പവൃഷ്ടിക്കും ആളുകളെ നിർത്തിയിരുന്നു. സ്പീക്കർ ആവശ്യപ്പെട്ടതുപ്രകാരം നവകേരള സദസ്സിൽ വിദ്യാർഥികൾ പങ്കെടുക്കണമെന്ന് തലശ്ശേരി കോളജ് ഓഫ് എൻജിനീയറിങ് പ്രിൻസിപ്പൽ നേരത്തേ നോട്ടിസ് ഇറക്കിയിരുന്നു. അധ്യാപകർക്കും നിർദേശമുണ്ടായിരുന്നു.

## രജൗരിയിൽ 2 പാക്ക് തീവ്രവാദികളെ കൊന്നു

**ശ്രീനഗർ:** ജമ്മുകശ്മീരിൽ രജൗരിയിൽ സുരക്ഷാസേനയും തീവ്രവാദികളും തമ്മിൽ 24 മണിക്കൂർ നീണ്ട ഏറ്റമുട്ടലിൽ 2 പാക്ക് തീവ്രവാദികളെ വധിച്ചു. ഇന്നലെ തുടങ്ങിയ ആക്രമണത്തിൽ 4 സൈനികർ വീരമൃത്യു വരിച്ചതിന് പിന്നാലെയാണ് സൈന്യം ആക്രമണം ശക്തമാക്കിയത്. കാലാക്കോട്ട് വനത്തിനുള്ളിലുണ്ടായ ഏറ്റുമുട്ടലിൽ ഓഫീസർ റാങ്കിലുള്ള രണ്ടുപേരുൾപ്പെടെയാണ് മരിച്ചത്. ഇതിൽ പരുക്കേറ്റ ഒരു സൈനികനും ഇന്ന് മരണത്തിന് കീഴടങ്ങി.

ലഷ്കറെ തയിബയിൽ ഉയർന്ന പദവിയുള്ള ഖാരിയാണ് കൊല്ലപ്പെട്ട ഭീകരരിൽ ഒരാൾ. ഇയാൾ ആയുധങ്ങൾ കൈകാര്യം ചെയ്യുന്നതിലും സ്ഫോടനങ്ങൾ നടത്തുന്നതിലും ഒളിആക്രമണങ്ങളിലും പരിശീലനം നേടിയിരുന്നെന്ന് പ്രതിരോധ വകുപ്പിന്റെ വ്യക്താവ് പറഞ്ഞു.

കൊല്ലപ്പെട്ട ഖാരി എന്ന ഭീകരൻ പാക്കിസ്ഥാനിലും അഫ്!ഗാനിലും പരിശീലനം നേടിയ ആളാണ്. ഇയാൾക്ക് ലഷ്കറെ തയിബയിൽ ഉന്നത സ്ഥാനമുണ്ട്. ഇയാൾ കഴിഞ്ഞ വർഷം മുതൽ രജൗരിപുഞ്ച് മേഖലകളിൽ സജീവമാണ്.

## ഡീപ്ഫെയ്ക്കുകൾ നേരിടാൻ നിയന്ത്രണം കൊണ്ടുവരുമെന്ന് കേന്ദ്രം; 10 ദിവസത്തിനകം മാർഗരേഖ

**ന്യൂഡൽഹി:** ഡീപ്ഫെയ്ക്കുകളും അപകീർത്തികരമായ എഐ കണ്ടന്റുകളും നേരിടാൻ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്രസർക്കാർ. അപകീർത്തികരമായ കണ്ടന്റുകൾ സൃഷ്ടിക്കുന്നവർക്കും അവ പ്രചരിപ്പിക്കപ്പെടുന്ന സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾക്കും എതിരെ പിഴ അടക്കമുള്ള ശിക്ഷ ഏർപ്പെടുത്താനാണു കേന്ദ്ര ഐടി മന്ത്രാലയത്തിൻറെ നീക്കം. സമൂഹമാധ്യമ കമ്പനികളുമായി കേന്ദ്ര ഐടി മന്ത്രി അശ്വനി വൈഷ്ണവ് നടത്തിയ ചർച്ചയിലാണു തീരുമാനം.

വിദേശത്ത് സൃഷ്ടിക്കപ്പെടുന്ന കണ്ടന്റുകളാണെങ്കിലും ഇന്ത്യയിൽ പ്രചരിക്കപ്പെട്ടാൽ നടപടി നേരിടേണ്ടിവരുമെന്നും മന്ത്രി അശ്വനി വൈഷ്ണവ് വ്യക്തമാക്കി. വ്യാജസന്ദേശങ്ങളും ഡീപ് ഫെയ്ക്കുകളും കണ്ടെത്താനും വ്യാപിക്കുന്നതു തടയാനും റിപ്പോർട്ട് ചെയ്യാനും ബോധവൽക്കരണത്തിനും കേന്ദ്ര ഐടി മന്ത്രാലയം 10 ദിവസത്തിനകം മാർഗരേഖ പുറത്തിറക്കും. സമൂഹമാധ്യമ കമ്പനികളുമായി ഡിസംബർ ആദ്യ വാരം ഐടി മന്ത്രി വീണ്ടും ചർച്ച നടത്തും.

ഡീപ്ഫെയ്ക് വിഡിയോകൾ വ്യാപകമാകുന്ന സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ളവർ ആശങ്ക അറിയിച്ചിരുന്നു. ജി 20 രാജ്യങ്ങളുടെ സമ്മേളനത്തിൽ ഇത്തരത്തിൽ ഒരു നിയന്ത്രണം രാജ്യാന്തരതലത്തിൽ തന്നെ വേണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടിരുന്നു. ഡീപ്ഫെയ്ക്കുകളെ നേരിടുന്നതിനായി ഒരു രാജ്യം നിയന്ത്രണം കൊണ്ടുവരുന്നത് ലോകത്തു തന്നെ ആദ്യത്തെ സംഭവമായി മാറുകയാണ്.





# ഫോക്സ്‌വാഗൺ ടൈഗൺ, വിർട്ടസ് സൗണ്ട് എഡിഷൻ അവതരിപ്പിച്ചു

**കൊച്ചി:** ഫോക്സ്‌വാഗൺ ഇന്ത്യ, ജനപ്രിയ മോഡലുകളായ ടൈഗൺ, വിർട്ടസ് എന്നിവയുടെ സൗണ്ട് എഡിഷൻ അവതരിപ്പിച്ചു. സൗണ്ട് എഡിഷൻ സബ്-വൂഫർ, ആംപ്ലിഫയർ എന്നിവയ്ക്കൊപ്പം പ്രത്യേകമായി ട്യൂൺ ചെയ്ത ഓഡിയോ സിസ്റ്റത്തോടുകൂടിയ മെച്ചപ്പെടുത്തിയ ഓഡിയോ അനുഭവമാണ് ജർമൻ വാഹന ബ്രാൻഡായ ഫോക്സ്‌വാഗൺ പുതിയ പതിപ്പുകളിലൂടെ നൽകുന്നതെന്ന് ഫോക്സ്‌വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

മനോഹരിത ഉയർത്തുന്നതിനായി ഈ സെഗ്മെന്റിലെ ആദ്യത്തെ ഇലക്ട്രിക് ഫ്രണ്ട് സീറ്റ്സ്, പെഡൽ ലാമ്പ്സ്, ഫൂട്ട്‌വെൽ ഇല്യൂമിനേഷൻ എന്നിവ കൂടാതെ സൗണ്ട് എഡിഷൻ ബാഡ്ജ്, ഗ്രാഫിക്സ് സവിശേഷതകളും പഞ്ചനക്ഷത്ര സുരക്ഷാ റേറ്റിങ് ലഭിച്ച ടൈഗൺ, വിർട്ടസ് സൗണ്ട് എഡിഷനുകളിൽ ലഭിക്കും.ടൈഗൺ, വിർട്ടസ് എന്നിവയുടെ 1.0 ലി ടിഎസ്ഐ ടോപ് ലൈൻ വേരിയന്റുകളിൽ ലാവ ബ്ലൂ, കാർബൺ സ്റ്റീൽ ഗ്രേ, വൈൽഡ് ചെറി റെഡ്, റൈസിങ് ബ്ലൂ എന്നീ നാല് ആകർഷകമായ കളർ ഓപ്ഷനുകളും ഉപഭോക്താക്കൾക്ക് ലഭിക്കും. ഉപഭോക്താക്കൾക്ക് ഫോക്സ്‌വാഗൺ ടൈഗൺ സൗണ്ട് എഡിഷനിൽ മാത്രമായി വൈറ്റ് റൂഫും വെറ്റ് ഒആർവിഎം ക്യാപ്പുകളുമുള്ള ഡ്യുവൽ ടോൺ കളർ സ്കീമും തിരഞ്ഞെടുക്കാം. ബിഗ് റഷ് ആഘോഷത്തോടൊപ്പം വർഷാവസാന ബൊണാൻസയ്ക്ക് തുടക്കമിട്ട് ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ടൈഗൺ, വിർട്ടസ് എന്നിവയിലും ബ്രാൻഡിന്റെ ആഗോള ബെസ്റ്റ്-സെല്ലറായ ടിഗ്വാനിലും നവംബർ 21 മുതൽ ആകർഷകമായ ആനുകൂല്യങ്ങളും ഫോക്സ്‌വാഗൺ പ്രഖ്യാപിച്ചിട്ടുണ്ട്.വിർട്ടസ് സൗണ്ട് എഡിഷൻ മാനുവൽ (6 സ്പീഡ്) വേരിയന്റിന് 15,51,900 രൂപയും, ഓട്ടോമാറ്റിക് (6 സ്പീഡ്) വേരിയന്റിന് 16,77,400 രൂപയുമാണ് എക്സ് ഷോറൂം വില. ടൈഗൺ സൗണ്ട് എഡിഷൻ മാനുവൽ (6 സ്പീഡ്) വേരിയന്റിന് 16,32,900 രൂപയും, ഓട്ടോമാറ്റിക് (6 സ്പീഡ്) വേരിയന്റിന് 17,89,900 രൂപയുമാണ് എക്സ് ഷോറൂം വില.ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ കാറുകൾ തങ്ങൾ പരിചയപ്പെടുത്തുമ്പോൾ, ഓഫറിലെ ആകർഷകമായ ആനുകൂല്യങ്ങൾ വിവേകമുള്ള ഉപഭോക്താക്കളെ ആകർഷിക്കുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്നും ആശിഷ് ഗുപ്ത പറഞ്ഞു.

## ആക്സിസ് ബാങ്ക് സ്പ്ലാഷ് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് ബാങ്ക് 7 മുതൽ 14 വയസു വരെയുള്ള കുട്ടികൾക്കായുള്ള അഖിലേന്ത്യാ കലാ, സാഹിത്യ, കരകൗശല മൽസരമായ സ്പ്ലാഷ് സംഘടിപ്പിക്കും. പുതുതലമുറയിൽ അനുകമ്പ വളർത്തിയെടുക്കുക എന്നതായിരിക്കും ആ വർഷത്തെ സ്പ്ലാഷിൻറെ പ്രമേയം.

2023 ഡിസംബർ 31വരെ എൻട്രികൾ സമർപ്പിക്കാം. 6 ലക്ഷം പേർ പങ്കെടുക്കുമെന്നാണ് ബാങ്ക് പ്രതീക്ഷിക്കുന്നത്. 7 വയസിനും 10 വയസിനും ഇടയിലുള്ളവർക്കും 11 വയസിനും 14 വയസിനും ഇടയിലുള്ളവർക്കും വേണ്ടി രണ്ടു ഗ്രൂപ്പുകൾ ഉണ്ടാകുമെന്ന് ആക്സിസ് ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫിസർ അനൂപ് മനോഹർ പറഞ്ഞു.

മറ്റുള്ളവരെ സഹായിക്കുക, ലോകത്തെ അനുകമ്പയുള്ള ഒരിടമാക്കി മാറ്റുക എന്നീ രണ്ടു പ്രമേയങ്ങളെ അധിഷ്ഠിതമാക്കി ഇതിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ആശയങ്ങൾ ആവിഷ്ക്കരിക്കണം.

വിജയികൾക്ക് ഒരു ലക്ഷം രൂപയുടെ സ്കോളർഷിപ്പുകൾ, ഹാംലിസ്, ഫേബർ കാസിൽ, ബോട്ട് തുടങ്ങിയ പങ്കാളികളിൽ നിന്നുള്ള മറ്റു സമ്മാനങ്ങൾ തുടങ്ങിയവ നൽകും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സംഘടിപ്പിക്കുന്ന ശിൽപശാലയിൽ പങ്കെടുക്കാനും അവസരം ലഭിക്കും.

രണ്ടാം സ്ഥാനക്കാർക്ക് 50,000 രൂപയാവും സ്കോളർഷിപ്പ്.സ്പ്ലാഷിൻറെ 11ാം പതിപ്പ് അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ട് യുവ മനസുകൾക്ക് പ്രയോജനപ്പെടുത്താനായി വിപുലമായ അവസരമാണു ലഭ്യമാക്കുന്നതെന്നും അനൂപ് മനോഹർ പറഞ്ഞു.

## പരിസ്ഥിതി സംരക്ഷണ പദ്ധതിയുമായി എംബസി ടോറസ് ടെക്സോൺ

തിരുവനന്തപുരം: റിയൽ എസ്റ്റേറ്റ് രംഗത്തെ ആഗോള പ്രമുഖരായ എംബസി ടോറസ് ടെക്സോൺ പരിസ്ഥിതി സംരക്ഷണത്തിന് സംസ്ഥാന വനം വകുപ്പിന്റെയും ഇന്ത്യൻ റേസിംഗ് ലീഗി(ഐ ആർ എൽ)ലെ കൊച്ചി ഗോഡ്സ്പീഡ് ടീമിന്റെയും പങ്കാളിത്തത്തോടെ എ ട്രീ ഫോർ എവെരി ലാപ് ഹരിത പദ്ധതി നടപ്പാക്കുന്നു. രാജ്യത്ത് ഇത്തരത്തിൽ പ്രഥമമായ സംരംഭത്തിന്റെ ഭാഗമായി ഇക്കൊല്ലത്തെ ഐ ആർ എൽ പതിപ്പിൽ കൊച്ചി ഗോഡ്സ്പീഡ് ടീം പിന്നിടുന്ന ഓരോ ലാപ്പിലും ഓരോ മരം നടും. തിരുവനന്തപുരം കഴക്കൂട്ടം ഫ്ളൈഓവറിനു താഴെയാണ് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നത്.വനസമ്പത്തിന്റെ പരിപാലനം പ്രാഥമികവും പ്രധാനവുമായ ഉത്തരവാദിത്വമാണെന്ന് സംസ്ഥാന വനം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പുകഴേന്തി പളനി പറഞ്ഞു.

പരിസ്ഥിതി പുനഃസ്ഥാപന യജ്ഞത്തിനായി വനം വകുപ്പുമായി കൈകോർത്തുകൊണ്ട് കേരളത്തിലെ കാർ റേസിംഗ് ടീം ലോകത്തിനു മഹത്തായ സന്ദേശമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.പരിസ്ഥിതി സംരക്ഷണം പ്രധാന ഉത്തരവാദിത്വമായി കണ്ട് പ്രതിബദ്ധതയോടെ ആവിഷ്കരിച്ച കാമ്പയിനാണിതെന്ന് ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് ഇന്ത്യ റിയൽ എസ്റ്റേറ്റ് അഡ്വൈസറി എൽഎൽപി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ആർ അനിൽകുമാർ പറഞ്ഞു. പ്രകൃതിയുമായി ഇണങ്ങിയതും തിരുവനന്തപുരത്തിനു യോജിച്ച കാഴ്ചപ്പാടിന് അനുസൃതമായതുമായ വികസനവും ബിസിനസുമാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞുകഴക്കൂട്ടം മേൽപ്പാലത്തിന് താഴെയുള്ള സ്ഥലം ഹരിതവത്ക്കരിക്കുന്നതിനും മനോഹരമാക്കുന്നതിനും എംബസി ടോറസ് ടെക്സോൺ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വായു മലിനീകരണ ലഘൂകരണം, റോഡ് സുരക്ഷ, മാലിന്യ സംസ്കരണം, മയക്കുമരുന്ന് ഉപയോഗം തടയൽ എന്നിവ സംബന്ധിച്ച ബോധവൽക്കരണത്തിന് പ്രാദേശിക കൂട്ടായ്മകളെ ഭാഗഭാക്കാക്കി കർമ്മപരിപാടികൾ തയ്യാറാക്കുന്നുണ്ട്. സ്പോർട്ട്സിനു കൂടുതൽ ഊന്നൽ നൽകി മയക്കുമരുന്ന് വിപത്തിനെതിരെ മികച്ച പ്രതിരോധ ഉപാധിയാക്കും.

## ഐഐഎം ആഗോള മാനേജ്മെന്റ് ശിൽപശാല സമ്പൽപൂരിൽ

**കൊച്ചി:** ആഗോള ഐഐഎം മാനേജ്മെന്റ് ശിൽപശാലയ്ക്ക് ഡിസംബർ 21 മുതൽ 23 വരെ ഒഡിഷയിലെ ഐഐഎം സമ്പൽപൂർ ആതിഥേയത്വം വഹിക്കും. ഇന്ത്യയിലെ 21 ഐഐഎമ്മുകളിൽ നിന്നുമുള്ള ഡയറക്ടർമാർ കോൺഫറൻസിൽ പങ്കെടുക്കും. ഐഐഎമ്മുകൾക്കു പുറമെ ഐഐടികൾ, എൻഐടികൾ, രാജ്യത്തിനകത്തേയും പുറത്തേയും മറ്റ് മുൻനിര മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പങ്കാളിത്തം ഉണ്ടാകും.

എല്ലാവരേയും ഉൾപ്പെടുത്തിയുള്ള സുസ്ഥിര വികസനത്തിനായി പുതുമയുള്ള സംരംഭങ്ങളും ഡിജിറ്റൽ ഗവർണൻസും എന്നതാണ് ശിൽപശാലയുടെ പ്രമേയം.

## താങ്ക്സ് ഗിവിംഗ് ബ്രഞ്ചുമായി ഹയാത്ത് റീജൻസി തിരുവനന്തപുരം

**തിരുവനന്തപുരം:** ഒന്നാം വാർഷികത്തോടനുബന്ധിച്ച് സൺഡേ ബ്രഞ്ച് സീരീസ് അവതരിപ്പിച്ച് തിരുവനന്തപുരം ഹയാത്ത് റീജൻസി. സൺഡേസ് അൺപ്ലഗ്ഡ് എന്ന പേരിൽ സംഘടിപ്പിക്കുന്ന ബ്രഞ്ച് സീരിസ്, നവംബർ 26ന് താങ്ക്സ്ഗിവിംഗ് ബ്രഞ്ചോടെ ആരംഭിക്കും. കാനപ്പേകൾ, സലാഡുകൾ, ആന്റിപാസ്റ്റി, മെസെ, സൂപ്പുകൾ, ഓവൻ ഫ്രഷ് ബ്രെഡുകൾ, പിസ്സ, പിഡെ പാസ റൗണ്ട്സ് തുടങ്ങി സ്വാദിഷ്ടമായ വിഭവങ്ങളാണ് ബുഫെ ബ്രഞ്ചിലൊരുക്കിയിരിക്കുന്നത്. കൂടാതെ ലൈവ് പാസ്ത കൗണ്ടറുകളുമുണ്ടാകും. എല്ലാ ആഴ്ചകളിലും വ്യത്യസതങ്ങളായ തീമോട് കൂടിയ സൺഡേ ബ്രഞ്ചുകളായിരിക്കും ഹയാത്ത് റീജൻസി സംഘടിപ്പിക്കുന്നത്. മെഡിറ്ററേനിയൻ ബ്രഞ്ചാണ് അടുത്ത ആഴ്ചയിലെ തീം. എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 12.00 മുതൽ 03.00 മണിവരെ മലബാർ കഫേയിൽ സൺഡേ ബ്രഞ്ച് ബുഫെ ആസ്വദിക്കാവുന്നതാണ്.

## അസിം പ്രേംജി സർവകലാശാല ഡിപ്ലോമ ഇൻ എഡ്യൂക്കേഷന് അപേക്ഷ ക്ഷണിക്കുന്നു

**കൊച്ചി:** അസിം പ്രേംജി സർവകലാശാലയുടെ ഭോപ്പാൽ, ബാംഗ്ലൂർ ക്യാമ്പസുകളിൽ ആരംഭിക്കുന്ന വിവിധ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏർളി ചൈൽഡ് ഹുഡ് എഡ്യൂക്കേഷൻ, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ, ടീച്ചിംഗ് ചിൽഡ്രൻ വിത്ത് ഡിസെബിലിറ്റി എന്നീ വിഷയങ്ങളിലാണ് ഡിപ്ലോമ. തിയറിയും പ്രാക്ടീസും സംയോജിപ്പിച്ചുകൊണ്ട് ഒരുവർഷത്തെ പാർട്ട് ടൈം രീതിയിലെ ഈ കോഴ്സുകൾ ഓൺലൈനായും ഓഫ് ലൈനായും നൽകപ്പെടും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 30. ക്ലാസുകൾ ആരംഭിക്കുന്നത് 2024 ഫെബ്രുവരി. യോഗ്യത ഫീസ് തുടങ്ങിയ കൂടുതൽ വിവരങ്ങൾക്ക് https://azimpremjiuniverstiy.efu.in/diplomas-ineducation ൽ ബന്ധപ്പെടുക.

## സീറോമലബാർ സഭാ ഹയറാർക്കിയുടെ ചരിത്രപുസ്തകം പ്രകാശനം ചെയ്തു

**കാക്കനാട്:** റവ.ഡോ. ജെയിംസ് പുലിയുറുമ്പിൽ രചിച്ച Syro-Malabar Hierarchy: Hitorical Developments (19232023) എന്ന ഗ്രന്ഥം സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പ്രകാശനം ചെയ്തു. സീറോമലബാർ ഹയരാർക്കിയുടെ സ്ഥാപനം മുതൽ ഇന്നുവരെയുള്ള (1923–2023) നൂറു വർഷത്തെ പ്രധാനസംഭവങ്ങളും നേട്ടങ്ങളും വളർച്ചയുമാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. ആധികാരിക രേഖകളെ ആസ്പദമാക്കിയുള്ള ഒരു ചരിത്ര പഠന ഗ്രന്ഥമാണിത്. രചയിതാവിന്റെ 25ാമത്തെ പുസ്തകമാണിതെന്ന സവിശേഷതയുമുണ്ട്.

സഭാചരിത്രത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ജെയിംസ് അച്ചന്റെ പുസ്തകങ്ങൾ ചരിത്രവിദ്യാർത്ഥികൾക്ക് മികച്ച പഠന സഹായിയാണെന്ന് കർദിനാൾ പുസ്തകപ്രകാശന വേളയിൽ പറഞ്ഞു. ചരിത്രം തമസ്കരിക്കപ്പെടുകയും അപനിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വസ്തുതകളും സത്യവും തിരിച്ചറിയാൻ ഈ പുസ്തകം സഹായകരമാകുമെന്ന് മേജർ ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. പാലാ രൂപതാ മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ആദ്യപ്രതി ഏറ്റുവാങ്ങിയ ചടങ്ങിൽ ചിങ്ങവനം ക്നാനായ സുറിയാനി സഭാധ്യക്ഷൻ കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപോലിത്ത, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു.



# സ്ട്രിങ് ഇറ്റ് ശേഖരവുമായി തനിഷ്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയിൽ ജൂവല്ലറി ബ്രാൻഡ് ആയ തനിഷ്ക് ആകർഷകമായ സ്ട്രിങ് ഇറ്റ് ശേഖരം അവതരിപ്പിച്ചു. സമകാലീന ജീവിത ശൈലിയുമായി ചേർന്നു നിൽക്കുന്ന വൈവിധ്യമാർന്ന നെക്‌വെയർ ആഭരണങ്ങളുടെ ശേഖരമാണ് സ്ട്രിങ് ഇറ്റ് കളക്ഷൻ. മോഡേൺ ചെയിനുകൾ, നെക്‌ലേസുകൾ, നെക്‌ലേസ്ഇയർറിംഗ് സെറ്റുകൾ, ചെയിനോടു കൂടിയ പെൻഡൻറുകൾ എന്നിങ്ങനെ നെക്‌ലൈനുകളെ അലങ്കരിക്കുന്ന എല്ലാ ആഭരണങ്ങളോടും ചേർന്നു നിൽക്കുന്നതുമാണ് ഈ ശേഖരമെന്ന് ടൈറ്റൻ കമ്പനി ചീഫ് ഡിസൈൻ ഓഫിസർ രേവതി കാന്ത് പറഞ്ഞു.

സ്റ്റൈലീഷും സൗകര്യപ്രദവും ആയ രീതിയിലാണ് സ്ട്രിങ് ഇറ്റ് ശേഖരത്തിലെ ഓരോ ഡിസൈനും തയ്യാറാക്കിയിരിക്കുന്നത്. ലൈറ്റ് വെയ്റ്റ് ഡിസൈനുകളിലുള്ള ഈ ശേഖരം പ്രതിദിന ഉപയോഗത്തിന് ഏറ്റവും അനുയോജ്യവും ഏതു വസ്ത്രത്തിനൊപ്പവും ചേർന്ന് പോകുന്നതുമാണ്.

ആധുനീകവും സമകാലീകവുമായ സ്ട്രിങ് ഇറ്റ് ശേഖരത്തിലെ ആഭരണങ്ങൾ തനിഷ്ക് സ്റ്റോറിലും തനിഷ്ക് ആപിലും ലഭ്യമാണ്.

ലാളിത്യവും വൈശിഷ്ട്യവും സമാഗമിക്കുന്ന സ്ട്രിങ് ഇറ്റ് ദൈനംദിന ചാരുതയെ പുനർനിർണയം ചെയ്യുന്ന ആഭരണങ്ങളാണ്. ജീവിതത്തെ സൗന്ദര്യമുള്ളതാക്കുന്ന കാൻഡിഡ്, ക്ലാസി നിമിഷങ്ങൾക്ക് തികച്ചും അനുയോജ്യമാണ് തനിഷ്കിൻറെ ഈ ശേഖരം. ജീവിതത്തിൻറെ ഓരോ തലങ്ങൾക്കും തികച്ചും അനുയോജ്യമായ പങ്കാളിയാണ് ഈ ഡിസൈനുകൾ.ലൈറ്റ് വെയ്റ്റ് ആഭരണങ്ങൾ തങ്ങളുടെ ഉപഭോക്താക്കൾക്കിടയിൽ തരംഗങ്ങൾ സൃഷ്ടിക്കുന്നതാണു കാണാനാകുന്നതെന്നും രേവതി കാന്ത് പറഞ്ഞു. ഈ പ്രവണത കണക്കിലെടുത്ത് ഉപഭോക്താക്കളുടെ താൽപര്യങ്ങൾക്കനുസരിച്ച് ലൈറ്റ് വെയ്റ്റ് ശ്രേണി കൂടുതൽ വിപുലമാക്കുകയാണ്.

സ്റ്റൈലീഷും ലൈറ്റ് വെയ്റ്റുമായ സ്ട്രിങ് ഇറ്റ് നെക്‌വെയർ ശേഖരം അവതരിപ്പിക്കാൻ തങ്ങൾക്ക് ആവേശമുണ്ട്. ക്ലാസിയും കാൻഡിഡും ലളിതവുമായ ശേഖരമാണ് തനിഷ്കിൻറെ സ്ട്രിങ് ഇറ്റ്. സ്റ്റൈലും സൗകര്യവും ഇഴുകിച്ചേരുന്ന വിധത്തിലാണ് ഓരോ ഡിസൈനും തയ്യാറാക്കിയിരിക്കുന്നത്. അതിലൂടെ ഉപഭോക്താക്കൾക്കും ഈ ആഭരണങ്ങളുടെ സൗന്ദര്യം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുകയാണെന്ന് രേവതി കാന്ത് കൂട്ടിച്ചേർത്തു.

# ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**കൊല്ലം:** കുമ്മിൾ സർക്കാർ ഐ ടി ഐയിൽ സർവേയർ ട്രേഡിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം നടത്തും.

യോഗ്യത: സർവ്വേ എൻജിനീയറിങ്/ സിവിൽ എൻജിനീയറിങ് ബിവോക് ബിരുദവും ഒരു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ സർവേ എൻജിനീയറിങ്/സിവിൽ എൻജിനീയറിങ് മൂന്നുവർഷത്തെ ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവർത്തിപരിചയവും സർവേ ട്രേഡിൽ എൻ ടി സി യും മൂന്ന് വർഷത്തെ പ്രവർത്തിപരിചയവും. ഡി ജി ടിക്ക് കീഴിലുള്ള നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റിന്റെ (എൻ സി ഐ സി) റെലവന്റ് റെഗുലർ / ആർ പി എൽ വേരിയന്റ്സ്. അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 28ന് രാവിലെ 10ന് അഭിമുഖത്തിന് എത്തണം. ഫോൺ : 0474 2914794.




# ജപ്പാനിൽ മാച്ച് മേക്കിംഗ് സെമിനാറുകൾ സംഘടിപ്പിച്ച് എൻഎസ്ഡിസി

**കൊച്ചി:** ഇന്ത്യയെ ഗ്ലോബൽ സ്കിൽ ഹബ്ബായി ഉയർത്താൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി മുന്നോട്ടുവച്ച ലക്ഷ്യം മുൻനിർത്തി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻഎസ്ഡിസി) ജപ്പാനിലെ ടോക്കിയോയിലും ഒസാക്കയിലും ബിസിനസ് മാച്ച് മേക്കിംഗ് സെമിനാറുകൾ സംഘടിപ്പിച്ചു. ജപ്പാൻ ഇന്റർനാഷണൽ ട്രെയിനി ആൻഡ് സ്കിൽഡ് വർക്കർ കോഓപ്പറേഷൻ ഓർഗനൈസേഷൻ (ജിറ്റ്കോ), ഇന്ത്യൻ എംബസി എന്നിവയുമായി സഹകരിച്ച് സംഘടിപ്പിച്ച ഈ സെമിനാറുകളുടെ പ്രാഥമിക ലക്ഷ്യം ഇന്ത്യൻ സെൻഡിങ് ഓർഗനൈസേഷനുകളുടെ (എസ്ഒ) ദൃശ്യപരത വർധിപ്പിക്കാനും ശ്രദ്ധേയമായ മൂല്യ നിർദ്ദേശത്തിന് അടിവരയിടാനുമായിരുന്നു. നൈപുണ്യ വികസന & സംരംഭകത്വ മന്ത്രാലയം (എംഎസ്ഡിഇ), വിദേശകാര്യ മന്ത്രാലയം (എംഇഎ), ഇന്ത്യയിലെ ജപ്പാൻ എംബസി എന്നിവയുൾപ്പെടെ പ്രധാന സർക്കാർ സ്ഥാപനങ്ങളും സെമിനാറിന പിന്തുണ നൽകി.

ഗവൺമെന്റ് ടു ഗവൺമെന്റിന്റെ 2017 ഒക്ടോബറിൽ ആരംഭിച്ച ടെക്നിക്കൽ ഇന്റേൺ ട്രെയിനിംഗ് പ്രോഗ്രാമും (ഠകഠജ), 2021 ജനുവരിയിൽ സ്ഥാപിതമായ സ്പെസിഫൈഡ് സ്കിൽഡ് വർക്കർ (ടട ണ) പ്രോഗ്രാമും കേന്ദ്രീകരിച്ചായിരുന്നു ഈ സെമിനാറുകൾ. നിരവധി സംഘടനകൾ പങ്കെടുത്തു.

ജാപ്പനീസ്, ഇന്ത്യൻ ഓർഗനൈസേഷനുകളിൽ നിന്ന് ഒസാക്കയിൽ 45ലധികം പങ്കാളികളും 40 കമ്പനികളും. ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഒസാക്ക കോബെ, ജിറ്റ്കോ ഇന്റർനാഷണൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഡപ്യൂട്ടി ജനറൽ മാനേജർ മസാറ്റോ കുമെ, ഡെപ്യൂട്ടി ജനറൽ മാനേജർ മസാറ്റോ കുമെ, ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫ് ചാൻസറി കോൺസൽ ഹെഡ് അനിൽ കുമാർ റാതുരി, ഇന്റർനാഷണൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്, ജിറ്റ്കോ, സിഇഒ ഓഫീസ് & സ്ട്രാറ്റജി ജനറൽ മാനേജർ നിതിൻ കപൂർ, എൻഎസ്ഡിസി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ അൻഷുൽ സിംഗാൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. വിദേശകാര്യ മന്ത്രാലയത്തിലെ ഒഐഎ ഡിവിഷൻ ഡെപ്യൂട്ടി സെക്രട്ടറി ഭൂപേന്ദ്ര സിംഗ്, ഇന്ത്യാ ഗവൺമെന്റിന്റെ നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിലെ ഇന്റർനാഷണൽ കോലാബറേഷൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രുതി പാണ്ഡെ എന്നിവരും പങ്കെടുത്തു.

## മെഗാ കേബിൾ ഫെസ്റ്റിന് തുടക്കം

# ദൃശ്യമാധ്യമ രംഗത്തെ സാങ്കേതിക മാറ്റം നിർണ്ണായകം: സന്തോഷ് ജോർജ് കുളങ്ങര

**കൊച്ചി:** മാധ്യമ മേഖല വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞു. കൊച്ചിയിൽ കേരള വിഷനും കേരള ഇൻഫോ മീഡിയയും സംയുക്തമായി സംഘടിപ്പിക്കുന്ന മെഗാ കേബിൾ ഫെസ്റ്റിന്റെ 21ാം എഡിഷൻ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാധ്യമ രംഗത്തെ അതിശക്തർ എന്ന് കരുതിയിരുന്നവർ കളമൊഴിയുകയും അപ്രസക്തർ ആയിരിക്കുന്നവർ പുതിയ ടെക്നോളജികളുടെ സഹായത്തോടെ കളം നിറയുകയും ചെയ്യുന്ന കാഴ്ചയാണ് ലോകം കാണുന്നതെന്നും സന്തോഷ് ജോർജ് കുളങ്ങര ചൂണ്ടിക്കാട്ടി. മാറ്റം തുടങ്ങിയിട്ടേയുള്ളൂ എന്നും നിർമ്മിത ബുദ്ധി നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ഇപ്പോൾ ഊഹിക്കാൻ പോലും കഴിയില്ല എന്നും അദ്ദേഹം സൂചിപ്പിച്ചു. അതിനാൽ തന്നെ ടെക്നോളജിയ്ക്ക് ഒപ്പം നടക്കുക എന്നതാണ് ഇനിയുള്ള വഴിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ ഫ്ളവേഴ്സ് ടിവി മാനേജിംഗ് ഡയറക്ടർ ശ്രീകണ്ഠൻ നായർ, ബിബിസി സ്റ്റുഡിയോസ് സൗത്ത് ഏഷ്യ ഹെഡ് ഓഫ് ഡിസ്ട്രിബ്യൂഷൻ സുനിൽ ജോഷി, എന്നിവർ മുഖ്യാതിഥികളായിരുന്നു.



ചടങ്ങിൽ കേബിൾ ടിവി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അബൂബക്കർ സിദ്ദിഖ് അധ്യക്ഷത വഹിച്ചു. സിഒഎ ജനറൽ സെക്രട്ടറി കെ. വി. രാജൻ സ്വാഗതവും കേരള ഇൻഫോ മീഡിയ സിഇഒ എൻ. ഇ. ഹരികുമാർ നന്ദിയും പറഞ്ഞു.തുടർന്ന് വാർത്തകളുടെ വസ്തുനിഷ്ഠതയും മാധ്യമങ്ങളുടെ വിശ്വാസ്യതയും എന്ന വിഷയത്തിൽ മാധ്യമ സെമിനാർ സംഘടിപ്പിക്കപ്പെട്ടു. മുതിർന്ന മാധ്യമ പ്രവർത്തകൻ സണ്ണിക്കുട്ടി എബ്രഹാം ,ീഡിയ വൺ പ്രമോദ് രാമൻ ,മനോരമ സീനിയർ ന്യൂസ് എഡിറ്റർ ഷാനി പ്രഭാകരൻ, ഏഷ്യാനെറ്റ് ന്യൂസ് സീനിയർ അസോസിയേറ്റ് എഡിറ്റർ അഭിലാഷ് ജി നായർ, മാതൃഭൂമി സീനിയർ ചീഫ് എഡിറ്റർ മാതു സജി തുടങ്ങിയവർ പങ്കെടുത്തു.

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന മെഗാ കേബിൾ ഫെസ്റ്റ് നവംബർ 25 ന് സമാപിക്കും. രാജ്യത്തിനകത്തും പുറത്തും ഉള്ള നൂറോളം കമ്പനികളുടെ സ്റ്റാളുകൾ മെഗാ ഫെസ്റ്റിന്റെ മുഖ്യ ആകർഷണമാണ്. ടെക്നിക്കൽ സെമിനാർ, ഒടിടിയും കേബിൾ ടിവിയും എന്ന വിഷയത്തിൽ ഓപ്പൺ ഫോറം, ബിസിനസ് പാർട്ണേഴ്സ് ഗാതറിംഗ് എന്നിവയും ഫെസ്റ്റിന്റെ ഭാഗമായി നടക്കും.

# മുഖ്യമന്ത്രി രാജിവെയ്ക്കണം: ജെ.എസ്.എസ് ധർണ്ണ ഇന്ന്

**കൊച്ചി:** കേരളത്തിന്റെ സമസ്തമേഖലയും തകർത്തുകൊണ്ടിരിക്കുന്ന എൽഡിഎഫ് സർക്കാരിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെയ്ക്കണമെന്നാവശ്യപ്പെട്ട് ജെ.എസ്.എസ് ന്റെ നേതൃത്വത്തിൽ എറണാകുളത്ത് ഇന്ന് (24.11.23) ധർണ്ണ നടത്തും.

മേനക ജംഗ്ഷനിൽ രാവിലെ 10 ന് ആരംഭിക്കുന്ന ധർണ്ണ ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.വി താമരാക്ഷൻ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി, യു.ഡി.എഫ് ജില്ലാ ചെയർമാൻ ഡൊമിനിക് പ്രസന്റേഷൻ,ഡി.സി.സി പ്രസിഡന്റ് അഡ്വ.മുഹമ്മദ് ഷിയാസ് തുടങ്ങിയവർ പങ്കെടുക്കും.

# ഐ.എം.എ കൊച്ചി ; തനിമ 2023 26 ന്

**കൊച്ചി :** ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ കൊച്ചി ശാഖ എറണാകുളം നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിക്കുന്ന ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റ് തനിമ 2023 നവംബർ 26 ന് കലൂർ ഐ.എം.എ ഹൗസിൽ നടക്കും. രാവിലെ ഒമ്പതിന് മൽസരം ആരംഭിക്കും.1980നും 2000 നും ഇടയിൽ പുറത്തിറങ്ങിയ ചലച്ചിത്രങ്ങളെ അടിസ്ഥാനമാക്കിയാണ് മൽസരം നടക്കുന്നത്.ഡോക്ടർമാരുടെ വിവിധ സംഘടനകൾ, വനിതാ ഡോക്ടർമാരുടെ സംഘടന, എറണാകുളം ജനറൽ ആശുപത്രി, എറണാകുളം മെഡിക്കൽ സെന്റർ, എറണാകുളം ലിസി ഹോസ്പിറ്റൽ, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, രാജഗിരി ഹോസ്പിറ്റൽ, റിണൈ മെഡിസിറ്റി, ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി എന്നിവടങ്ങൽ നിന്നുള്ള ആരോഗ്യ പ്രവർത്തകർ മൽസരത്തിൽ പങ്കെടുക്കുമെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ സച്ചിൻ സുരേഷ് എന്നിവർ അറിയിച്ചു.

# പരസ്യ ബോർഡുകളിൽ പിസിബി ക്യു ആർ കോഡ് നിർബന്ധം

**കൊച്ചി :**പരസ്യ ബോർഡ്, ബാനർ, ഹോർഡിങ്ങുകൾ എന്നിവയിൽ മലിനീകരണ ബോർഡിന്റെ ക്യൂ ആർ കോഡ് നിർബന്ധമായും വേണമെന്ന് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ അറിയിച്ചു. പരസ്യ വസ്തുക്കളിൽ പിവിസി ഫ്രീ റീസൈക്കിളബിൾ ലോഗോ, പ്രിന്റിങ് യൂണിറ്റിന്റെ പേര്, ഫോൺ നമ്പർ, മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ ക്യു ആർ കോഡ് എന്നിവ പ്രിന്റ് ചെയ്യണം.
ക്യു ആർ കോഡ് സ്കാൻ ചെയ്യുമ്പോൾ പിസിബി സർട്ടിഫിക്കറ്റ് ലഭിക്കും.

ഇവ രേഖപ്പെടുത്താത്ത ബോർഡുകൾ നിയമവിരുദ്ധമാണ്. ഇത്തരത്തിൽ പ്രിന്റ് ചെയ്ത് സ്ഥാപിച്ച സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കും. ബോർഡുകളും ബാനറുകളും പ്രിന്റ് ചെയ്യാനുള്ള വസ്തുക്കൾ വിൽക്കുന്ന കടകൾ പിസിബിയുടെ സാക്ഷ്യപത്രം ക്യു ആർ കോഡായി പ്രിന്റ് ചെയ്തിരിക്കണം.

ബോർഡ് സാക്ഷ്യപ്പെടുത്തിയ 100 ശതമാനം കോട്ടൺ പോളി എത്തിലിൻ എന്നിവയാണ് ഉപയോഗിക്കേണ്ടത്. തുടർന്ന് പോളി എത്തിലിൻ പുനരുപയോഗത്തിനായി സ്ഥാപനത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണെന്ന ബോർഡ് പ്രിന്റിങ് സ്ഥാപനത്തിൽ വ്യക്തമായി കാണാവുന്ന രീതിയിൽ നിർബന്ധമായും പ്രദർശിപ്പിക്കണം.

എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പരിശോധനയിൽ നിയമലംഘനം കണ്ടെത്തിയാൽ നിരോധിത വസ്തുക്കൾ പിടിച്ചെടുക്കും. ആദ്യഘട്ടത്തിൽ 10000 രൂപ, രണ്ടാമത് 20000 രൂപ വീതം പിഴ ചുമത്തും. ആവർത്തിച്ചാൽ 50000 രൂപ പിഴയും ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടിയും സ്വീകരിക്കും. അനധികൃതമായി സ്ഥാപിക്കുന്ന ബോർഡുകൾക്കെതിരെ കോടതി ഉത്തരവ് പ്രകാരം 5000 രൂപ പിഴ ഈടാക്കും.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

**കൊച്ചി:** എൽ ബി എസ് സെന്ററിന്റെ തൃശൂർ റീജ്യണൽ യൂണിറ്റിൽ ആരംഭിക്കുന്ന തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകളായ ഡി സി എഫ് എ, ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ, ടാലി, ഡി ടി പി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മോർണിംഗ്, ഈവനിംഗ് ബാച്ചുകൾ, എംപ്ലോയിസ് പ്രത്യേക ബാച്ചുകൾ ഉണ്ടായിരിക്കും. എസ് സി/ എസ് ടി/ ഒ ഇ സി വിഭാഗത്തിന് ഫീസ് ആനുകൂല്യം ലഭിക്കും. www.lbscetnre.kerala.gov.in ൽ അപേക്ഷ നൽകാം. ഫോൺ: 04872250751, 7559935097, 9447918589.




# ഹോസ്പിറ്റലിലേക്ക് ആംബുലൻസ് കൈമാറി ഇസാഫ് ബാങ്ക്

**കൊച്ചി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ ഭാഗമായി മരടിലെ പി എസ് മിഷൻ ഹോസ്പിറ്റലിലേക്ക് ആംബുലൻസ് വാങ്ങി നൽകി.

ആശുപത്രിയിൽ നടന്ന ചടങ്ങിൽ ഹോസ്പിറ്റൽ ഡയറക്ടർ സിസ്റ്റർ ഡോ. ആനി ഷീലക്ക് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒ യുമായ കെ. പോൾ തോമസും ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോളും ചേർന്ന് വാഹനം കൈമാറി. ബാങ്കിന്റെ ചെയർമാൻ പി. ആർ. രവി മോഹൻ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു.

ചടങ്ങിൽ മുൻ ഡയറക്ടർ ഡോ. വി. എ. ജോസഫ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോർജ് തോമസ്, സസ്റ്റൈനബിൾ ബാങ്കിങ് ഹെഡ് റെജി കോശി, ബ്രാഞ്ച് ബാങ്കിങ് ഹെഡ് രജിഷ് കളപുരയിൽ, മാർക്കറ്റിങ് ഹെഡ് ശ്രീകാന്ത് സി. കെ, റീജണൽ ഹെഡ് പ്രദീപ് നായർ, ക്ലസ്റ്റർ ഹെഡ് അലക്സ് കരുവേലിൽ, പി എസ് മിഷൻ ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ഡോ. കുഞ്ഞുമോൻ സെബാസ്റ്റ്യൻ, എച്ച് ആർ വിഭാഗം പ്രതിനിധി ഡോ. വിദ്യേശ്വരി, നഴ്സിങ് സൂപ്രണ്ട് സിസ്റ്റർ ശോഭ, ഡോക്ടേഴ്സ് എന്നിവർ പങ്കെടുത്തു.

# മലേറിയയെ ചെറുക്കാൻ ഹാക്ക്ഫെസ്റ്റ് സംഘടിപ്പിക്കുന്നു

**കൊച്ചി :** മലേറിയയെ ചെറുക്കുന്നതിന് ലക്ഷ്യമിട്ട് ഐടി അധിഷ്ഠിത പരിഹാരങ്ങൾ ക്ഷണിച്ചുകൊണ്ട് ടൈ ഡൽഹിഎൻസിആർ. ഐഐടി, എൻഐടി, ട്രിപ്പിൾ ഐടി ഉൾപ്പെടെയുള്ള ടെക് സ്കൂളുകൾക്കായാണ് മലേറിയ ഹാക്ക്ഫെസ്റ്റ് പ്രെഡിക്ട്, പ്ലാൻ ആൻഡ് പ്രിവന്റ് സംഘടിപ്പിക്കുന്നത്. പ്രയത്നയും റെക്കിറ്റും മോർട്ടീനുമായി സഹകരിച്ചാണ് ടൈ ഡൽഹിഎൻസിആർ ഹാക്ക്ഫെസ്റ്റ് നടത്തുന്നത്. മലേറിയ നിരീക്ഷണം, ഉറവിടം കണ്ടെത്തൽ, മലേറിയ പടരുന്നത് പ്രവചിക്കുക എന്നിവയിലെ പോരായ്മകൾ നികത്താനുള്ള മാർഗ്ഗങ്ങളാണ് സമർപ്പിക്കേണ്ടത്. ജേതാക്കൾക്ക് 5 ലക്ഷം രൂപ വരെ അവാർഡുകൾ നേടാം.

കൂടുതൽ വിവരങ്ങൾക്കായി ടൈ ഡൽഹിയുടെ വെബ്സൈറ്റ് സന്ദർശിക്കുക.(https://delhi.tie.org/malariahackfestpredict-planprevent/)മികവ് പുലർത്തുന്ന സ്റ്റാർട്ടപ്പുകളെ ക്ഷണിക്കുന്നതിലാണ് പ്രോഗ്രാം ഊന്നൽ നൽകുന്നത്, അവരുടെ ഐടി എനേബിൾഡ് ഇന്നൊവേഷനിലൂടെ, മലേറിയ വ്യാപകമാകുന്ന പ്രശ്നം ലഘൂകരിക്കാൻ കഴിയുമെന്നു ടൈ ഡൽഹിഎൻസിആർ, ഇഡി ഗീതിക ദയാൽ പറഞ്ഞു. രാജ്യത്തെ ടോപ്പ് ടെക്നിക്കൽ സ്കൂളുകളിൽ നിന്നുള്ള വിദഗ്ധരായ യുവാക്കളുടെ സഹായത്തോടെ, മലേറിയ നിയന്ത്രിക്കുന്നതിലെ പോരായ്മകൾ നികത്തുന്നതിനും രാജ്യത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി മികച്ച പ്രതിവിധികൾ ആവിഷ്ക്കരിക്കാനാണ് ഈ പ്രോഗ്രാം ശ്രമിക്കുന്നതെന്നു എസ്ഒഎ, റെക്കിറ്റിന്റെ എക്സ്റ്റേണൽ കാര്യ, പാർട്ണർഷിപ്പ് ഡയറക്ടർ രവി ഭട്നാഗർ പറഞ്ഞു.

# ഫ്രീസ്റ്റൈൽ ലിബർലിങ്ക് മൊബൈൽ ആപ്പുമായി അബോട്ട്

**കൊച്ചി:** ആരോഗ്യ പരിപാലന മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനിയായ അബോട്ട് തങ്ങളുടെ ഡിജിറ്റൽ ആരോഗ്യ ഉപകരണമായ ഫ്രീസ്റ്റൈൽ ലിബർലിങ്ക് ആപ്പ് ഇന്ത്യയിൽ പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. ഗ്ലൂക്കോസ് തോത് അളക്കുന്നതിനായി ഫ്രീസ്റ്റൈൽ ലിബർ സിസ്റ്റം ഉപയോഗിക്കുന്നവർക്ക് ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഈ തോതുകൾ ഏത് സമയത്തും എവിടേയും ഫിംഗർ പ്രിക്സിന്റെ ആവശ്യമില്ലാതെ മൊബൈൽ ഫോണിലൂടെ അറിയുവാൻ കഴിയുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

ഏകോപിത ഫ്രീസ്റ്റൈൽ ലിബർ ഡിജിറ്റൽ പ്ലാറ്റ്ഫോം പുറത്തിറക്കുന്നതിലൂടെ ആളുകൾക്ക് തങ്ങളുടെ പ്രമേഹം വളരെ എളുപ്പത്തിൽ നിരീക്ഷിച്ചും ഉൾക്കാഴ്ചകൾ നൽകിയും ബന്ധപ്പെടുത്തി കൊണ്ടും കൈകാര്യം ചെയ്യുവാനുള്ള കഴിവ് നൽകുക എന്നതാണ് അബോട്ട് ലക്ഷ്യമിടുന്നത്. കംപാറ്റിബിൾ ആയ ഐഫോൺ, ആൻഡ്രോയ്ഡ് സ്മാർട്ട് ഫോണുകളിൽ ഈ മൊബൈൽ ആപ്പ് പ്രവർത്തിക്കുന്നതാണ്. തങ്ങളുടെ സ്മാർട്ട് ഫോണുകളിലൂടെ അപ്പപ്പോൾ ഗ്ലൂക്കോസ് തോതുകൾ കണ്ടു കൊണ്ട് പ്രമേഹ രോഗികൾക്ക് അത് എളുപ്പത്തിൽ തങ്ങളുടെ ഡോക്ടർമാർക്കും പരിചരണം നൽകുന്നവർക്കും നൽകുവാൻ ഫ്രീസ്റ്റൈൽ ലിബർലിങ്ക് ആപ്പ് സഹായിക്കുന്നു. നിയർ ഫീൽഡ് കമ്മ്യൂണിക്കേഷൻ (എൻ എഫ് സി) എന്ന സാങ്കേതിക വിദ്യയാണ് സെൻസറിൽ നിന്നും ഗ്ലൂക്കോസ് വിവരങ്ങൾ മൊബൈൽ ആപ്പിലേക്ക് കൈമാറ്റം ചെയ്യുവാൻ വേണ്ടി ഈ മൊബൈൽ ആപ്പ് ഉപയോഗിക്കുന്നത്. 8 മണിക്കൂർ നേരത്തെ ഗ്ലൂക്കോസ് ചരിത്രം, അതാത് സമയങ്ങളിലെ പ്രവണതകളുടെ രീതി എന്നിവ നിരീക്ഷിച്ചു കൊണ്ട് ഭക്ഷണം എങ്ങനെ കഴിയ്ക്കണമെന്നും ഇൻസുലിൻ എങ്ങനെ ഉപയോഗിക്കണമെന്നും മരുന്നുകൾ എങ്ങനെ കഴിയ്ക്കണമെന്നും വ്യായാമം ചെയ്യേണ്ടത് എങ്ങനെയൊക്കെ ആണെന്നും മനസ്സിലാക്കുവാൻ തങ്ങളുടെ സ്മാർട്ട് ഫോണിലൂടെ പ്രമേഹ രോഗികൾക്ക് കഴിയും. ഗ്ലൂക്കോസ് നിരീക്ഷിക്കുന്നതിനായി ഒരു പ്രത്യേക അളവ് യന്ത്രം ഉപയോഗിക്കേണ്ട ആവശ്യം ഇതിലൂടെ ഇല്ലാതാവുകയാണെന്നും കമ്പനി അധികൃതർ അറിയിച്ചു.






# അന്താരാഷ്ട്ര വെയ്റ്റ് ലിഫ്റ്റിംഗ് ചാംപ്യൻഷിപ്പ്: സ്വർണ്ണം കരസ്ഥമാക്കി മലയാളി വീട്ടമ്മ

**കൊച്ചി:** ആഗ്രഹങ്ങളും സ്വപ്നങ്ങളുമെല്ലാം മാറ്റിവെച്ച് വിവാഹത്തിന് ശേഷം ഭർത്താവും കുട്ടികളുമായി ഒതുങ്ങിക്കൂടുന്നവർ നിരവധിയാണ്. ഇങ്ങനെ ആഗ്രഹങ്ങൾ മനസിലൊളിപ്പിച്ച നിരവധി വനിതകൾക്ക് പ്രചോദനമാകുകയാണ് കൊച്ചി സ്വദേശിനിയായ ലിബാസ് പി. ബാവ എന്ന വീട്ടമ്മ. നവംബർ ആദ്യവാരം ഗ്രീസിലെ മാർക്കോ പോളോയിൽ നടന്ന മെഡിറ്ററേനിയൻ ഇന്റർനാഷണൽ ഓപ്പൺ മാസ്റ്റേഴ്സ് വെയിറ്റ് ലിഫ്റ്റിംഗ് ടൂർണമെന്റിൽ വനിതകളുടെ 87 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യക്കായി സ്വർണ മെഡൽ നേടിയത് ലിബാസായിരുന്നു.തൊടുപുഴ ന്യൂമാൻ കോളേജിലെ പൂർവ വിദ്യാർത്ഥിനിയായിരുന്ന ലിബാസ് വിദ്യാഭ്യാസ കാലത്ത് കോളേജിലെ പവർ ലിഫ്റ്റിംഗ് ചാമ്പ്യനായിരുന്നു.

പിന്നീടാണ് വെയിറ്റ് ലിഫ്റ്റിംഗിലേക്ക് ചുവടുമാറിയത്. സംസ്ഥാന, ദേശീയ തലങ്ങളിലെല്ലാം നേട്ടം കൊയ്തെങ്കിലും വീട്ടമ്മയായ ശേഷം കുടുംബവുമായി ബന്ധപ്പെട്ട തിരക്കുകളെ തുടർന്ന് കരിയർ പൂർണമായും നിർത്തിയ നിലയിലായിരുന്നു. 11 വർഷത്തിന് ശേഷം കളിക്കളത്തിലേക്ക് മടങ്ങിയെത്തിയാണ് ലിബാസ് അനവധി പേർക്ക് പ്രചോദമാകുന്നത്. നീണ്ട ഇടവേളക്ക് ശേഷം കളിക്കളത്തിലേക്കെത്തിയ ലിബാസ് ഇതിനോടകം സ്വന്തമാക്കിയത് അഞ്ച് അന്താരാഷ്ട്ര അംഗീകാരങ്ങളാണ്.കഴിഞ്ഞ വർഷമായിരുന്നു ലിബാസ് വെയ്റ്റ് ലിഫ്റ്റിംഗിലേക്ക് തിരിച്ചെത്താൻ തീരുമാനിച്ചത്. കോച്ച് ഗോപാലകൃഷ്ണന്റെ കീഴിൽ നടത്തിയ കഠിന പരിശീലനമാണ് വിജയക്കുതിപ്പിന് ഇന്ധനമായത്.

മാസ്റ്റേഴ്സ് കോമൺവെൽത്ത്, മാസ്റ്റേഴ്സ് വേൾഡ് കപ്പ്, ഏഷ്യൻ ചാമ്പ്യൻഷിപ്പ്, ഏഷ്യാ പസഫിക് തുടങ്ങിയ പ്രധാനപ്പെട്ട അന്താരാഷ്ട്ര മത്സരങ്ങളിലും രാജ്യത്തിനായി പങ്കെടുക്കാനും അംഗീകാരങ്ങൾ നേടാനും ലിബാസിന് കഴിഞ്ഞു. വ്യവസായിയും സിനിമാ നിർമ്മാതാവുമായ ഭർത്താവ് സാദിഖ് അലിയും കുടുംബവുമായിരുന്നു കളിക്കളത്തിലേക്ക് മടങ്ങിയെത്താനുള്ള മുഴുവൻ പ്രോത്സാഹനങ്ങളും നൽകിയത്.ഭർത്താവിന് ന്യൂമോണിയയും പിതാവ് ലിവർ സിറോസിസും കിഡ്നി തകരാറും മൂലം ചികിത്സ തേടുന്നതിനിടെയായിരുന്നു മെഡിറ്ററേനിയൻ ഇന്റർനാഷണൽ ടൂർണമെന്റ് നടന്നതെന്ന് ലിബാസ് പറഞ്ഞു. മത്സരത്തിന് ആഴ്ചകൾക്ക് മുൻപ് വരെ അവരോടൊപ്പമായിരുന്നു. പ്രതികൂല സാഹചര്യങ്ങളും ശരിയായ പരിശീലനത്തിന്റെ അഭാവവും ഉണ്ടായിരുന്നിട്ടും ഇവരുടെ നിർബന്ധം കൊണ്ടാണ് മത്സരത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചത്. ഈ വിജയം അവർക്കായി സമർപ്പിക്കുന്നു എന്നും ലിബാസ് കൂട്ടിച്ചേർത്തു.കൂടുതൽ നേട്ടങ്ങൾ കരസ്ഥമാക്കാനുള്ള യാത്ര തുടരുകയാണ് നിശ്ചയദാർഢ്യത്തിന്റെ ആൾരൂപമായ ലിബാസ്. ഇതിന്റെ അടുത്ത പടിയായി ജൂണിൽ ഓസ്ട്രേലിയയിൽ നടക്കാനിരിക്കുന്ന ഓഷ്യാനിക് ചാമ്പ്യൻഷിപ്പിനായി തയ്യാറെടുപ്പുകളിലാണ് ഈ വീട്ടമ്മ.

# ചെത്തിപ്പുഴ ആശുപത്രിയിലെ ബ്ലഡ് സെൻററിന് ദേശീയ അംഗീകാരം

**ചങ്ങനാശേരി:** ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രിയിലെ ബ്ലഡ് സെൻററിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൻറെ ദേശീയ അംഗീകാരം. ഈ അംഗീകാരം ലഭിക്കുന്ന മധ്യകേരളത്തിലെ ആദ്യത്തേയും കേരളത്തിലെ നാലാമത്തെയും ബ്ലഡ് സെൻററാണ് ചെത്തിപ്പുഴ ആശുപത്രിലേത്.

എൻഎബിഎച്ച് അംഗീകാര സമർപ്പണം ഡോ. ശശി തരൂർ എംപി നിർവഹിച്ചു. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. ആർച്ച്ബിഷപ് മാർ ജോർജ് കോച്ചേരി, അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ, അഡ്വ. ജോബ് മൈക്കിൾ എംഎൽഎ, ഹോസ്പിറ്റൽ മാനേജർ മോൺ. ജോസഫ് വാണിയപുരയ്ക്കൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് എന്നിവർ പ്രസംഗിച്ചു.

# സ്ഥിര നിക്ഷേപങ്ങൾക്ക് പ്രിയം കുറയുന്നു

**കൊച്ചി:** മ്യൂചൽ ഫണ്ടുകളിലേക്കുള്ള പണമൊഴുക്ക് ഗണ്യമായി ഉയർന്നതോടെ രാജ്യത്തെ ബാങ്കുകളിൽ സ്ഥിരനിക്ഷേപങ്ങൾ കുത്തനെ ഇടിയുന്നു. തുടർച്ചയായ രണ്ടാം വർഷമാണ് രാജ്യത്ത് ഏറ്റവും കൂടുതൽ നിക്ഷേപം ഒഴുകിയെത്തുന്ന മേഖലയായി മ്യൂചൽ ഫണ്ടുകൾ മാറുന്നത്.

വർഷങ്ങളായി രാജ്യത്തെ ഏറ്റവും ആകർഷണീയതയുള്ള നിക്ഷേപമായി കണക്കിലെടുത്തിരുന്നത് ബാങ്കുകളിലെ ഫിക്സഡ് ഡെപ്പോസിറ്റുകളെയാണ്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷമായി ഓഹരി വിപണി വൻ കുതിപ്പ് കാഴ്ചവെച്ചതോടെ നിക്ഷേപകർ വലിയ തോതിൽ ഫണ്ട് മ്യൂചൽ ഫണ്ടുകളിലേക്ക് മാറ്റുകയാണ്. ആഭ്യന്തര നിക്ഷേപകർ സിസ്റ്റമാറ്റിക് നിക്ഷേപ പദ്ധതികളിലൂടെ(എസ്ഐപി) ഓരോ മാസവും വിപണിയിലെത്തിക്കുന്ന പണത്തിലും അഭൂതപൂർവമായ വളർച്ചയാണ് ദൃശ്യമാകുന്നത്. സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യയുടെ (സെബി) കണക്കുകളനുസരിച്ച് രാജ്യത്തെ മ്യൂചൽ ഫണ്ട് നിക്ഷേപകരുടെ എണ്ണം ഒക്റ്റോബറിൽ നാല് കോടിക്ക് മുകളിലാണ്. രണ്ടു വർഷത്തിനിടെ മ്യൂചൽ ഫണ്ട് നിക്ഷേപത്തിനായി ഒരു കോടിയിലധികം പേരാണ് അക്കൗണ്ടുകൾ തുറന്നത്.

രാജ്യത്ത് വരുമാന നികുതി റിട്ടേണുകൾ സമർപ്പിക്കുന്നവരിൽ 57 ശതമാനം പേരും മ്യൂചൽ ഫണ്ട് നിക്ഷേപം നടത്തിയിട്ടുള്ളവരാണ്. പ്രതിമാസം ചെറിയ തുക ഓഹരി വിപണിയിലെ നിക്ഷേപത്തിനായി മാറ്റിവെക്കുന്ന സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെൻറ് പ്ലാനുകളിലൂടെ (എസ്ഐപി) കഴിഞ്ഞ മാസം മാത്രം 18,000 കോടി രൂപയാണ് വിപണിയിലെത്തിച്ചത്. ചരിത്രത്തിലേക്കും ഏറ്റവും ഉയർന്ന തുകയാണിത്. പ്രതിവർഷം ഒന്നര ലക്ഷം കോടി രൂപയിലധികമാണ് എസ്ഐപികളിലൂടെ ഇന്ത്യൻ ഓഹരി വിപണിയിലെത്തുന്നത്.

മ്യൂചൽ ഫണ്ടുകളിൽ നിക്ഷേപിച്ചവർക്ക് റെക്കോഡ് വരുമാനം ലഭിക്കുന്നതിനാൽ ഓരോ മാസവും കൂടുതൽ പേർ നിക്ഷേപ താത്പര്യവുമായി രംഗത്തെത്തുന്നുമുണ്ട്. ഇക്കാലയളവിൽ രാജ്യത്തെ പ്രമുഖ മ്യൂചൽ ഫണ്ടുകളും നിക്ഷേപകർക്ക് 20 ശതമാനം മുതൽ 40 ശതമാനം വരെ വരുമാന വർധന നൽകിയെന്ന് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യയുടെ (സെബി) കണക്കുകൾ വ്യക്തമാക്കുന്നു.

# മഴ കനത്തു; നെല്ല് കൊയ്യാനാവാതെ കർഷകർ പ്രതിസന്ധിയിൽ

**കുമരകം:** മഴ ശക്തമായതോടെ വിരിപ്പു കൃഷിയിറക്കിയ നെൽകർഷകർ പ്രതിസന്ധിയിലായി. ഇന്നും ഇന്നലെയുമായി കൊയ്ത്ത് ആരംഭിക്കാനിരുന്ന പാടങ്ങളിൽ കൊയ്ത്ത് യന്ത്രം ഇറക്കാൻപോലും കഴിയാത്ത അവസ്ഥയാണ് നിലനില്ക്കുന്നത്. നിലം ഉണക്കാൻ അവസരം ലഭിക്കാത്തതിനാൽ കൊയ്ത്ത് യന്ത്രങ്ങൾ പാടത്ത് താഴ്ന്നു പോകും. ഇടയ്ക്കിടെ വൈദ്യുതി മുടങ്ങുന്നതിനാൽ മോട്ടോറുകൾ പ്രവർത്തിപ്പിച്ച് പാടത്തെ വെള്ളം പുറന്തള്ളാനും കഴിയാത്ത അവസ്ഥയാണ്. വിളഞ്ഞു പാകമായ കതിരുകളോടെ നെൽച്ചെടികൾ വീണടിയുകയാണ്. നിലംപൊത്തുന്ന കതിരുകൾ കിളിർത്ത് നശിക്കും. മഴമാറി നല്ല വെയിൽ ലഭിക്കാതെ കൊയ്ത്തുമെതി ആരംഭിക്കാനാവില്ല. കൊയ്യാൻ താമസിക്കുന്നത് ലഭിക്കേണ്ട വിളവിനെ ബാധിക്കും.

കൊയ്ത്തു യന്ത്രമല്ലാതെ കർഷകത്തൊഴിലാളികളെക്കൊണ്ടു കൊയ്ത്ത് നടത്താൻ കഴിയാത്ത സ്ഥിതിയുമാണ് ഇപ്പോൾ. തൊഴിലാളികളെ കിട്ടാനില്ലെന്നു മാത്രമല്ല, അവർക്ക് നൽകേണ്ട ദിവസവേതനം കർഷകനു താങ്ങാവുന്നതിലും കുടുതലാണ്. കൊയ്ത്തു കഴിഞ്ഞാൽ സ്വകാര്യമില്ലുകാരുടെ ചൂഷണവും കർഷകർക്ക് ഇരുട്ടടിയായി മാറും. ഈർപ്പത്തിൻറെ ശതമാനം കൂടുതലാണെന്ന പേരിൽ ഇടനിലക്കാരൻ ചോദിക്കുന്ന കിഴിവ് നൽകേണ്ടിവരും. കൊല്ലകേരി, മാടപ്പള്ളിക്കാട് തുടങ്ങിയ പാടങ്ങളിലെ കർഷകരാണ് കൊയ്യാനാകാതെ പ്രതിസന്ധിയിലായിരിക്കുന്നത്. പുഞ്ച കൃഷിയിറക്കാനുള്ള ജോലികൾ നടത്തിക്കൊണ്ടിരിക്കുന്ന പാടശേഖരങ്ങളിലെ കർഷകർക്കും മഴ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ മാസാവസാനം വിത ആരംഭിക്കാനായിരുന്നു ഒരുക്കങ്ങൾ നടത്തിവന്നത്. മഴ കനത്തതോടെ പുഞ്ചകൃഷിയും വൈകും.



# സ്വകാര്യ പാർക്കുകൾക്ക് വൻ ആനുകൂല്യം

**കൊച്ചി:** മലയാളികൾക്ക് അൻപത് ശതമാനത്തിലധികം ജോലി ഉറപ്പുവരുത്തുന്ന കമ്പനികൾക്ക് ആനുകൂല്യ പെരുമഴ വാഗ്ദാനം നൽകി കേരളം പുതിയ ഐടി നയത്തിന് രൂപം നൽകുന്നു.

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വരുമാനം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് തയാറാക്കുന്ന കരട് ഐടി നയത്തിൽ സ്വകാര്യ വ്യവസായ പാർക്കുകളുടെ എണ്ണം ഗണ്യമായി കൂട്ടാനുള്ള നിരവധി നിർദേശങ്ങളുണ്ട്. 100 കോടി മുതൽ 1000 കോടി രൂപ വരെ മൂലധന നിക്ഷേപം നടത്തുന്നവർക്ക് നിരവധി ഇളവുകളും ആനുകൂല്യങ്ങളും ലഭ്യമാക്കും. ഐടി, ഐടിഇഎസ്, ബിപിഒ മേഖലകളിൽ സ്വകാര്യ പാർക്കുകൾ ആരംഭിക്കുന്നവർക്ക് നിക്ഷേപത്തിന് ആനുപാതികമായാണ് ഇളവുകൾ നൽകുന്നത്.

കേരള ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ വകുപ്പ് തയാറാക്കിയിട്ടുള്ള കരട് നയത്തിന് വിശദമായ ചർച്ചകൾക്ക് ശേഷം അന്തിമ രൂപം നൽകും. ഐടി പാർക്കുകൾക്കുള്ളിൽ സ്ഥാനങ്ങൾക്ക് സ്ഥലം 99 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിലും ഉദാരമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതനുസരിച്ച് നിക്ഷേപകർ ആദ്യഘട്ടത്തിൽ പാട്ടത്തുകയുടെ 25 ശതമാനം മാത്രം അടച്ചാൽ മതി. ശേഷിക്കുന്ന തുക അടുത്ത വർഷത്തിനുള്ളിൽ തവണകളായി നൽകാനും വ്യവസ്ഥ ചെയ്യുന്നു.



ഇതോടൊപ്പം ചരക്കു സേവന നികുതിയിലെ സംസ്ഥാന സർക്കാരിൻറെ വിഹിതത്തിൽ 25 ശതമാനം റീഇംപേഴ്സ്മെൻറിലൂടെ ആദ്യ മൂന്ന് വർഷത്തേക്ക് തിരിച്ചു നൽകും. വൈദ്യുതി, സ്റ്റാംപ് ഡ്യൂട്ടി ഇളവുകളും നയം വിഭാവന ചെയ്യുന്നു. വനിതകൾ, ഭിന്നശേഷിക്കാർ തുടങ്ങിയവരെ ജീവനക്കാരായി നിയമിക്കുന്നവർക്ക് അധിക ഇളവുകൾ ലഭിക്കും.

ഇതോടൊപ്പം സംസ്ഥാനത്ത് പുതിയ 30 സ്വകാര്യ വ്യവസായ പാർക്കുകളും ആരംഭിക്കാനുള്ള ശ്രമം സജീവമായി പുരോഗമിക്കുകയാണ്. ഈ വർഷം 15 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ആദ്യ സ്വകാര്യ വ്യവസായ പാർക്ക് കഴിഞ്ഞ ദിവസം വ്യവസായ മന്ത്രി പി. രാജീവ് പാലക്കാട് ഉദ്ഘാടനം ചെയ്തിരുന്നു.

# കാർഡമം പ്ലാൻറേഴ്സ് ഫെഡറേഷൻ രൂപീകരിച്ചു

**കുമളി:** ജില്ലയിൽ ഏലം കർഷകരെ പങ്കെടുപ്പിച്ച് കാർഡമം പ്ലാൻറേഴ്സ് ഫെഡറേഷൻ എന്ന സംഘടന രൂപീകരിച്ചു. പ്രഥമ യോഗം വണ്ടന്മേട് സ്പൈസ് സ്ക്വയറിൽ നടന്നു.

സിഎച്ച്ആർ സംബന്ധിച്ച് കപട പരിസ്ഥിതി വാദികൾ നടത്തുന്ന വ്യാജ പ്രചാരണങ്ങൾ, സൈപ്സസ് ബോർഡിൻറെ നിഷ്ക്രിയത്വം, ഏലം സ്റ്റോറുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാതിരിക്കുന്നത്, ലയങ്ങൾ, വീടുകൾ, ഏലം സ്റ്റോറുകൾ തുടങ്ങിയവയുടെ നിർമാണങ്ങൾക്ക് അനുമതി നിഷേധിക്കൽ, കർഷകർക്ക് ഏലത്തിൻറെ വില യഥാസമയം ലഭിക്കാതിരിക്കുന്നത് തുടങ്ങി നിരവധി വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിന് യോഗം തീരുമാനിച്ചു.

ചെയർമാൻ സ്റ്റനി പോത്തൻ അധ്യക്ഷത വഹിച്ചു. വി.ജെ. ജോസഫ്, പി.ആർ.സന്തോഷ്, ആർ. മണികണ്ഠൻ, സാജൻ കുര്യൻ കളരിക്കൽ, ടി.ടി. ജോസ് (മാസ്), എൻ. പ്രിദ്ഫ് രാജ് തുടങ്ങിയവർ പ്രസംഗിച്ചു.

ഭാരവാഹികളായി സ്റ്റിനി ജോസഫ് പോത്തൻചെയർമാൻ, വി.ജെ. ജോസഫ് വാളിപ്ലാക്കൽവൈസ് ചെയർമാൻ, പി.ആർ. സന്തോഷ്ജനറൽ സെക്രട്ടറി, ഡി. പിൻപൊന്നപ്പൻ, ജിനു ജോർജ്ജോയിൻറ് സെക്രട്ടറിമാർ, എസ്. ജീവാനന്ദൻട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിലെ മരട് സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആൻറ് അഗ്രി പ്രൊഡക്ട്സ് ഓഫീസിലെ ലബോറട്ടറികളിലേക്ക് മീഡിയ, കീറ്റ്സ്, റീയേജൻറുകൾ, രാസവസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നതിന് സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ ഡിസംബർ 21 ന് വൈകിട്ട് 3 വരെ നൽകാം. കുടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2960429

# വിലത്തകർച്ച: കർഷകർക്ക് കൈത്താങ്ങുമായി ബാങ്ക്

**മറയൂർ:** ഭൗമസൂചികാ പദവി ലഭിച്ചിട്ടും ഉത്പാദന ചെലവിന് ആനുപാതികമായ വില ലഭിക്കാതെ കരിന്പ് കൃഷിയിൽനിന്നു കൂട്ടത്തോടെ പിൻവാങ്ങുന്ന സാഹചര്യത്തിൽ കർഷകർക്കു കൈത്താങ്ങാകാൻ കർമ പദ്ധതിയുമായി മറയൂർ സഹകരണ ബാങ്ക്. ഇതിൻറെ ഭാഗമായി അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ചെലവഴിച്ചു നിർമിക്കുന്ന ആധുനിക രീതിയിലുള്ള ശർക്കര നിർമാണ ഫാക്ടറിക്കു തുടക്കമായി. ഫാക്ടറിയുടെ ശിലാസ്ഥാപനം മറയൂർ പഞ്ചായത്ത് പ്രസിഡൻറ് ദീപ അരുൾ ജ്യോതിയും ബാങ്ക് പ്രസിഡൻറ് ആൻസി ആൻറണിയും ചേർന്നു നിർവഹിച്ചു.

ഭൗമസൂചികാ പദവി ലഭിച്ചിട്ടും മറയൂർ ശർക്കരയ്ക്കു ന്യായമായ വില ലഭിക്കാത്ത സാഹചര്യത്തിൽ കരിന്പുകർഷകർ കൃഷിയിൽനിന്നു പിൻവാങ്ങുന്ന സാഹചര്യമായിരുന്നു. മറയൂർ ശർക്കരയ്ക്ക് ഭൗമസൂചികാ പദവി ലഭിച്ചിട്ടു രണ്ടു വർഷമായി. എന്നാൽ, കർഷകന് ഇതുമൂലം ഒരു പ്രയോജനവുമുണ്ടായില്ല. 2000 ഹെക്ടറിൽ നടത്തിയിരുന്ന കരിന്പ് കൃഷി 500 ഹെക്ടറിലേക്കു കുറഞ്ഞു. 2020ൽ ലഭിച്ച അതേ വിലയാണ് ഇന്നും കർഷകനു ലഭിക്കുന്നത്.

ഒരു കിലോ മറയൂർ ശർക്കരയ്ക്ക് പരമാവധി 60 രൂപ മാത്രമാണ് ഇപ്പോഴും കർഷകനു ലഭിക്കുന്നത്. പണിക്കൂലിയും ഉത്പാദനച്ചെലവും വിളവെടുപ്പുചെലവും ഗണ്യമായി വർധിച്ചിട്ടും ആനുപാതികമായി ശർക്കരയ്ക്ക് വില വർധിക്കാത്തതാണ് കർഷകരെ പ്രതിസന്ധിയിലാക്കുന്നത്. തമിഴ്നാട്ടിൽനിന്ന് എത്തുന്ന വ്യാജ ശർക്കരയാണ് വിലയിടിയുന്നതിനുള്ള മാറ്റൊരു കാരണം.

മറയൂർ കരിന്പ് ഉത്പാദക വിപണന സംഘം, മാപ്കോ, മഹാഡ് എന്നിങ്ങനെ ഭൗമസൂചികാ പദവി ലഭിച്ച സംഘങ്ങൾ ഒരു കിലോ ശർക്കരപോലും ഇതനുസരിച്ച് ഉത്പാദിപ്പിച്ച് ബ്രാൻഡിംഗ് നടത്തി വിപണിയിലെത്തിച്ചിട്ടില്ല. അതിർത്തി കടന്നുവരുന്ന വ്യാജ ശർക്കര മറയൂർ ശർക്കരയെന്ന പേരിൽ ബ്രാൻഡ് ചെയ്ത് വില്പന നടത്തുന്നുണ്ടെന്നാണ് ആക്ഷേപം.

ഭൗമസൂചികാ പദവി ലഭിച്ച വ്യാപാരികൾ സ്വന്തം നിലയിൽ പുതിയ രീതികൾ ഉപയോഗിച്ച് ശർക്കര ഉത്പാദിപ്പിച്ച് ബ്രാൻഡ് ചെയ്ത് നല്ല വില നേടുന്നുണ്ടെങ്കിലും സാധാരണ കർഷകന് ഇന്നും പഴയ വിലയാണ് ലഭിക്കുന്നത്. ഇതിനു മാറ്റം വരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് മറയൂർ സഹകരണ ബാങ്ക് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഓരോ കർഷകൻറെയും കരിന്പ് നേരിട്ട് ശേഖരിച്ച് അതു ശർക്കരയാക്കി പായ്ക്ക് ചെയ്യുന്പോൾ ഇതിലുള്ള ക്യൂആർ കോഡ് സ്കാൻ ചെയ്താൽ കർഷകൻറെ മുഴുവൻ വിവരങ്ങളും വാങ്ങുന്നയാൾക്ക് മനസിലാക്കാൻ കഴിയും. ഇതിലൂടെ യഥാർഥ മറയൂർ ശർക്കര ജനങ്ങൾക്ക് എത്തിക്കാനും ഇതുവഴി ന്യായമായ വില കർഷകനു ലഭിക്കാനും ഇടയാകും. ഇതിലൂടെ കർഷകരെ വീണ്ടും കരിന്പ് കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയുമെന്നാണ് അധികൃതരുടെ പ്രതീക്ഷ.

ആലുവയിലെ ആർഎം അഗ്രോനേച്ചർ എന്ന സ്ഥാപനമാണ് പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സഹായം കുന്നത്.

